# കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന എൽ.ഡി.എഫ് സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയം പിൻവലിക്കുക

## ജൂൺ 28

# സെക്രട്ടേറിയറ്റ് മാർച്ച്

# SUCI
(COMMUNIST)

**സാ**മൂഹ്യ നന്മയെയും ജനാഭിപ്രായത്തെയും വെല്ലുവിളിച്ചുകൊണ്ട് എൽ.ഡി.എഫ് സർക്കാർ മദ്യനയം അവതരിപ്പിച്ചിരിക്കുന്നു. ക്രിമിനൽ മുതലാളിമാരായ മദ്യരാജാക്കന്മാരെ കടത്തിവെട്ടുന്ന കപട വാദങ്ങൾ നിരത്തിയാണ് സർക്കാർ കേരളത്തെ മദ്യത്തിൽ കുളിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

മദ്യത്തിന്റെ ലഭ്യത ക്രമേണ കുറയ്ക്കണമെന്ന് യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത് ശക്തമായ ജനകീയ സമ്മർദ്ദങ്ങളുടെ ഫലമായിരുന്നു. എൽ.ഡി.എഫ് ഗവണ്മെന്റും ആ നയം തുടരണമെന്നായിരുന്നു ജനാഭിലാഷം. പക്ഷേ കുതന്ത്രങ്ങൾ നിറഞ്ഞ അവരുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിലുടനീളം മദ്യലോബിയുടെ മണമുണ്ടായിരുന്നു. അധികാരത്തിലേറിയ നാൾ മുതൽ തന്നെ മദ്യാലയങ്ങൾ വ്യാപിപ്പിക്കാനുള്ള കരുനീക്കങ്ങൾ എൽ.ഡി.എഫ് സർക്കാർ ആരംഭിച്ചു.

ബാറുകളുടെയും ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം കുറച്ചതുകൊണ്ട് മദ്യോപഭോഗം കുറഞ്ഞിട്ടില്ല, മദ്യലഭ്യത കുറഞ്ഞതുമൂലം മയക്കുമരുന്നുപഭോഗം വർദ്ധിച്ചിരിക്കുന്നു, അതുകൊണ്ട് ബാറുകളുടെയും ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം വെട്ടിക്കുറയ്ക്കുകയെന്ന നയം തുടരാനാവില്ല — ഇപ്രകാരം തലകുത്തിമറിഞ്ഞുള്ള പ്രചാരണമാണ് സർക്കാരും ഭരണകക്ഷികളും നടത്തുന്നത്. മദ്യലഭ്യത വർദ്ധിപ്പിച്ചാൽ മയക്കുമരുന്ന് വ്യാപനം തടയാമെന്നതാണ് എൽ.ഡി.എഫ് സർക്കാരിന്റെ പുതിയ സിദ്ധാന്തം. മദ്യലഹരി ഒരുവനെ അനായാസം മയക്കുമരുന്നുകളുടെ മരണപ്പിടിയിലേക്ക് തള്ളിവിടുന്നു എന്നതാണ് യാഥാർത്ഥ്യം. സുപ്രീം കോടതി വിധി മറികടക്കാൻ ദേശീയ പാത മാറ്റുന്നതുപോലെയുള്ള വിചിത്രമായ നടപടികൾക്കുപോലും സർക്കാർ മുതിരുകയാണ്. ജനകീയ പ്രതിഷേധങ്ങളുടെ മുന്നിൽ വഴങ്ങേണ്ടിവരുന്ന പഞ്ചായത്ത് അധികാരികളെ രക്ഷിക്കാൻ മദ്യശാലകൾക്ക് പഞ്ചായത്ത് അനുമതി വേണമെന്ന നിയമംപോലും മാറ്റിമറിക്കാൻ തുനിയുന്നു. കണ്ടേടത്തൊക്കെ ബിയർ പാർലർ അനുവദിക്കുന്നു. മയക്കുമരുന്നുവേട്ട ഫലപ്രദമായി നടത്തുന്നില്ല. അങ്ങനെ, ബിയറിൽ തുടങ്ങി മദ്യം വഴി മയക്കുമരുന്നിലെത്തുന്ന ആസക്തിക്ക് സർക്കാർ വ്യാപകമായി കളമൊരുക്കുകയാണ്.

ബാറുകൾ പൂട്ടിയതുകൊണ്ട് ടൂറിസംമേഖല തകർന്നുവെന്ന് സർക്കാർ വാദിക്കുന്നു. കേരളത്തിൽ ടൂറിസ്റ്റുകൾ വരുന്നത് പ്രകൃതിഭംഗി ആസ്വദിക്കാനോ ഇവിടുത്തെ

നല്ല സാമൂഹ്യാന്തരീക്ഷം ആസ്വദിക്കാനോ അല്ല, മറിച്ച് കുടിച്ചു പൂസാവാനാണത്രേ! അതിനുള്ള സാഹചര്യമാണ് സർക്കാർ ഒരുക്കുന്നത്. എത്ര അധാർമ്മികമായ നിലപാടാണിത്! ബാറുകൾ പൂട്ടിയ കാലയളവിൽ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചുവെന്നതാണ് യഥാർത്ഥ്യം. സർക്കാരത് കാണുന്നില്ല.

മദ്യമുതലാളിമാരോടുള്ള ആസക്തി മൂലം പച്ചയായ യാഥാർത്ഥ്യങ്ങൾ കാണാനുള്ള വെളിവുപോലും ഭരണക്കാർക്ക് നഷ്ടമാവുകയാണ്. അതുകൊണ്ടാണ്, മദ്യത്തിന്റെ അളവ് കുറച്ചാൽ സർക്കാരിന്റെ വരുമാനം ഇല്ലാതാവുമെന്ന് ഗവണ്മെന്റ് പറയുന്നത്. വരുമാനനഷ്ടത്തെക്കുറിച്ച് പറയുമ്പോൾ, കേരളത്തിന്റെ, കേരളീയരുടെ ആകമാന വരുമാനത്തിൽ മദ്യത്തിന്റെ സ്വാധീനമെന്താണെന്ന് ഗവണ്മെന്റ് മിണ്ടുന്നില്ല. കുടുംബ അന്തരീക്ഷത്തിൽ, ആരോഗ്യത്തിൽ, ഉല്പാദനക്ഷമതയിൽ മദ്യം സൃഷ്ടിക്കുന്ന കൊടും വിപത്ത് കാണുന്നില്ല. അസാന്മാർഗ്ഗികമായി സർക്കാരിന് ലഭിക്കുന്ന നാലായിരം കോടിയുടെ കണക്ക് പറയുന്നവർ, ഒരുവശത്ത് കേരളീയർ മദ്യത്തിന് വേണ്ടി തുലയ്ക്കുന്ന തുകയും മറുവശത്ത് അത് പ്രത്യുല്പാദനപരമായി വിനിയോഗിച്ചാലുണ്ടാവുന്ന സാമ്പത്തിക വളർച്ചയും സാമൂഹികാരോഗ്യവും കുടുംബത്തിലെ മനസ്സമാധാനവുമെല്ലാം രൂപാക്കണക്കിൽ ഗണിക്കുമ്പോൾ ലഭിക്കുന്ന തുകയും തമ്മിൽ താരതമ്യം ചെയ്യട്ടെ. എന്നിട്ടുമതി ലാഭക്കണക്കിന്റെ പരിശോധന. ചുരുക്കം ചില മദ്യ-മരണ വ്യാപാരികളുടെ താൽപ്പര്യം മാത്രമേ സർക്കാർ പരിഗണിക്കുന്നുള്ളൂ. മദ്യലഹരിക്കടിപ്പെട്ട ഭർത്താവിനെ, പിതാവിനെ, മക്കളെ ഓർത്ത് കേരളം കണ്ണീർവാർക്കുന്നത് ഗവണ്മെന്റിന് കാണാനാവുന്നതേയില്ല.

ജനജീവിതത്തിനുമേൽ മുതലാളിത്തം നടത്തുന്ന കടന്നാക്രമണങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പ് സാദ്ധ്യത മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം മരണഭീതിയുണർത്തുന്നതാണ്. പട്ടിണികിടക്കുന്ന ഒരു ജനതയ്ക്കുപോലും സാംസ്കാരികവും ധാർമ്മികവുമായ നട്ടെല്ലുണ്ടെങ്കിൽ ഉണർന്നു പൊരുതാനാകും. അത് മുൻകൂട്ടി തടയുക എന്ന ലക്ഷ്യത്തോടെയാണ് ഭരണാധികാരികൾ, ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ മദ്യത്തിലും മയക്കുമരുന്നിലും തളച്ചിടാൻ ശ്രമിക്കുന്നത്. ഇടതുപക്ഷമെന്നവകാശപ്പെടുന്ന സി.പി.ഐ(എം) സർക്കാരിന്റെ മദ്യനയം ഈ മുതലാളിവർഗ്ഗ താൽപര്യത്തെ പ്രതിഫലിപ്പിക്കുന്നുവെന്നതാണ് ഖേദകരം. മദ്യരാജാക്കന്മാരും അവരുടെ പിണിയാളുകളായ രാഷ്ട്രീയക്കാരും അവർ നയിക്കുന്ന സർക്കാരും ചേർന്ന് കേരളത്തെ മദ്യത്തിൽ മുക്കികൊല്ലാൻ ശ്രമിക്കുമ്പോൾ സാമൂഹ്യനന്മയും സമാധാനവും സുരക്ഷയും കാംക്ഷിക്കുന്ന ജനങ്ങൾ ഒന്നാകെ വീറുറ്റ സമരപാതയിൽ അണിനിരണം. മദ്യവിരുദ്ധ ജനകീയ സമരസമിതികൾക്ക് രൂപംകൊടുത്തുകൊണ്ട് കൂടുതലുയർന്ന തലത്തിലേക്ക് പ്രക്ഷോഭം വളർത്തിയെടുക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായി എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം **2017 ജൂൺ 28** (ബുധനാഴ്ച) സംഘടിപ്പിച്ചിരിക്കുന്ന **സെക്രട്ടേറിയറ്റ് മാർച്ച്** വൻവിജയമാക്കണമെന്ന് മനുഷ്യസ്നേഹികളായ ഏവരോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

**സി.കെ.ലൂക്കോസ്**

സംസ്ഥാന സെക്രട്ടറി

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)

തിരുവനന്തപുരം

20-06-2017

(ജൂൺ 28 രാവിലെ 10.30-ന് പാളയം ഫൈൻ ആർട്സ് കോളേജിന് മുന്നിൽനിന്നും പ്രകടനം ആരംഭിക്കും.)

---

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിക്കുവേണ്ടി പ്രസിദ്ധീകരിക്കുന്നത് ജി.എസ്.പത്മകുമാർ, ഓഫീസ് സെക്രട്ടറി, എസ്.യു.സി.ഐ(സി) ഓഫീസ്, ടിസി 12/1242, ലാ കോളേജ് ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം-35.
ഫോൺ: 0471-23077151, 9387110272